കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മുളക്കുഴ ഗ്രാമ പഞ്ചായത്ത് - ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 1992-93 ഖണ്ഡിക 16 (2A)- സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം.2756/12/തസ്വഭവ. തിരുവനന്തപുരം, തീയതി:01.10.2012

പരാമർശം:
1. മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 15.10.11-ലെ 41-ാം നമ്പർ തീരുമാനം.
2. ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 23.1.12-ലെ V (10) -ാം നമ്പർ തീരുമാനം.
3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ , ആലപ്പുഴയുടെ 5.3.12-ലെ E6-3956/12 നമ്പർ കത്ത്.
4. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് , തിരുവനന്തപുരത്തിന്റെ 8.8.12-ലെ LF.6451/PT1/12 നമ്പർ കത്ത്.

## ഉത്തരവ്

ആലപ്പുഴ ജില്ലയിലെ മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 1992-93 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 16 (2A) -ലെ പരാമർശത്തിന് സർക്കാർ സാധൂകരണം നൽകണമെന്ന് ഗ്രാമപഞ്ചായത്തിന്റെ പരാമർശം ഒന്നിലെ തീരുമാനത്തിന്റെയും ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പരാമർശം രണ്ടിലെ ശുപാർശയുടെയും അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ പരാമർശം (3) പ്രകാരം സർക്കാരിനോട് അപേക്ഷിക്കുകയുണ്ടായി.

2. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം (4) പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി . പരിശോധിച്ചു. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിലെ മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 1992-93 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 16 (2A) പ്രകാരം നിരാകരിച്ച പെരിങ്ങാല ആലിൻചുവട് ഭാഗത്ത് കിണർ കുഴിച്ച മണ്ണ്/കല്ല് നീക്കം ചെയ്തതിന് പ്രത്യേകമായി 2084 രൂപ കൂലിയായി കൊടുത്ത പഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പി.ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ), തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, മുളക്കുഴ ഗ്രാമപഞ്ചായത്ത്.
ഐ.കെ.എം, പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.